"ഭരണഭാഷ-മാതൃഭാഷ"

**എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം**

(ഹാജർ:എസ്.ആനന്ദകൃഷ്ണൻ, ഐ.പി.എസ്)

വിഷയം: എക്സൈസ് ഭരണപരം- അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.07.2018 മുതൽ 31.12.2018 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:

1. ഉത്തരവ് നം.എക്സ്.ഡി.3-2499/2010 (Vol.II) തീയതി.02.01.2013
2. ഉത്തരവ് നം.എക്സ്.ഡി.3-76310/2018 തീയതി.08.10.2018
3. ഈ ഓഫീസിലെ 03.06.2019-ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ എക്സ്.ഡി.3-128974/2019 തീയതി:28.11.2019**

പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.06.2017 മുതൽ 31.06.2018 വരെയുള്ള സീനിയോരിറ്റി ലിസ്റ്റിന്റെ തുടർച്ചയായി അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.07.2018 മുതൽ 31.12.2018 വരെയുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് ആക്ഷേപം ഉന്നയിക്കുന്നതിന് 30 ദിവസത്തെ സാവകാശം നൽകി പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ നിരവധി ആക്ഷേപങ്ങൾ ലഭിക്കുകയുണ്ടായി.

(2) സ/ശ്രീ ജി.എസ്.സജിത് കുമാർ, രതീഷ്.ആർ, മഹേഷ്.വി.എൻ, എസ്.സുധീഷ് കൃഷ്ണ, റെജി.ജെ എന്നിവർ സമാന സ്വഭാവമുള്ള പരാതികളാണ് ഉന്നയിച്ചിട്ടുള്ളത്.

29.03.2010 തീയതിയിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ RIA(1)8804/10/GIS നമ്പർ അഡ്വൈസ് പ്രകാരം നേരിട്ട് പ്രിവന്റീവ് ഓഫീസർമാരുടെ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളവരാണ്, പ്രസ്തുത ഉദ്യോഗസ്ഥർ. 04.06.2008 തീയതിയിൽ പ്രിവന്റീവ് ഓഫീസർ കേഡറിലെ നേരിട്ടുള്ള നിയമനം നിർത്തലാക്കിയിട്ടുള്ളതാണ്. അതിന് മുൻപുള്ള ഒഴിവുകളിലാണ് ടിയാന്മാർക്ക് നിയമനം ലഭിച്ചിട്ടുള്ളതെന്നും എന്നാൽ പിഎസ്.സി റാങ്ക് പട്ടികയുടെ അഭാവത്തിൽ നേരിട്ട് നിയമനം ലഭിക്കേണ്ടിയിരുന്ന ഒഴിവുകളിലേയ്ക്ക് സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള കേഡർ സ്ട്രെങ്ത് മറികടന്ന് നിരവധി പേർക്ക് താൽക്കാലിക പ്രൊമോഷൻ ലഭിച്ചിട്ടുള്ള 31.12.2008 വരെയുള്ള പ്രിവന്റീവ് ഓഫീസർമാരുടെ

സീനിയോറിറ്റി ലിസ്റ്റിൽ, തെറ്റായി അസൈൻമെന്റ് നൽകി ഉൾപ്പെട്ടിട്ടുള്ളവർ നിലവിൽ പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരായി ഉൾപ്പെട്ടിട്ടുണ്ടെന്നും ടി വിഷയം OA No.1666/16-ാം നമ്പർ കേസ്സിലെ ഉത്തരവിനടിസ്ഥാനത്തിൽ സർക്കാർ പരിശോധനയിലായതിനാൽ എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് സ്ഥാനക്കയറ്റ ത്തിന് പരിഗണിക്കരുതെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. OA No.1666/16-ാം നമ്പർ കേസിൽ യിൽ സർക്കാർ 6 മാസത്തിനുള്ളിൽ പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ കേസിലെ സർക്കാരിന്റെ ഉത്തരവിന് വിധേയമായിട്ടാണ് നിലവിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീക രിക്കുന്നത്. ഇപ്രകാരം ടിയാൻമാരുടെ പരാതി തീർപ്പാക്കുന്നു.

(3) അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എസ്.രാധാകൃഷ്ണൻ സമർപ്പിച്ച പരാതിയിൽ നിലവിലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 4 ആയി ഉൾപ്പെട്ടിട്ടുണ്ട്. ആകയാൽ ടിയാന്റെ പേര് രാധാകൃഷ്ണൻ.എ എന്നാണ് ചേർത്തിട്ടു ള്ളതെന്നും യഥാർത്ഥ പേര് എസ്.രാധാകൃഷ്ണനാണെന്നും രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട്. കൂടാതെ OA (Ekm) 2020/2017 നമ്പർ അന്യായത്തിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 19.09.2017 ൽ നൽകിയിട്ടുള്ള ഇടക്കാല ഉത്തരവിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ ടി കേസ്സിന്റെ അന്തിമവിധിക്ക് വിധേയമായിട്ടാകണമെന്ന് ഉത്തരവായിട്ടുണ്ട്. 01.06.2017 മുതൽ 30.06.2018 വരെയുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ആയത് വ്യക്തമായി കാണിച്ചിട്ടുള്ളതിനാൽ, നിലവിലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കുന്ന ലിസ്റ്റിലും ആയത് സൂചിപ്പിക്കണ മെന്നും അഭ്യർത്ഥിച്ചിരുന്നു. ടിയാന്റെ പരാതി ന്യായമാണെന്ന് കണ്ട് ആയത് പരിഗണിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നു.

(4) പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. വി.ജെ.സന്തോഷ് കുമാർ, സജി.വി എന്നിവർ പ്രിവന്റീവ് ഓഫീസർ കേഡറിലെ സീനിയോറിറ്റി സംബന്ധിച്ച പരാതികളാണ് ഉന്നയിച്ചിട്ടുള്ളത്. ടിയാന്മാർ പ്രിവന്റീവ് ഓഫീസർ കേഡറിനാവശ്യമായ വകുപ്പുതല പരീക്ഷകൾ വിജയിച്ചത് 01.01.2009 ൽ ആണെന്നും, എന്നാൽ 31.12.2008 വരെയുള്ള പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടെസ്റ്റ് യോഗ്യത നേടിയത് ഒരു ദിവസംവൈകി

എന്ന കാരണത്താൽ പ്രിവന്റീവ് ഓഫീസർമാരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാന്മാർക്ക് ശേഷം പ്രിവന്റീവ് ഓഫീസർമാരുടെ കേഡറിൽ പ്രൊമോഷനായവർ അനധികൃതമായി പ്രൊമോഷൻ ലഭിച്ച് പ്രിവന്റീവ് ഓഫീസർമാരുടെ 31.12.2008 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ടിയാന്മാർ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിൽ പ്രൊമോഷൻ ലഭിച്ച് നിലവിലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇത് സംബന്ധിച്ച കേസ്സുകൾ നിലവിലുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ പ്രിവന്റീവ് ഓഫീസർ കേഡറിലെ 31.12.2008 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിലെ എല്ലാവരും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് പ്രൊമോഷനായിട്ടുണ്ട്. പ്രിവന്റീവ് ഓഫീസർ കേഡറിലെ സീനിയോറിറ്റിയിന്മേലുള്ള ശ്രീ.വി.സജിയുടെ 17.09.2012-ലെ ഇതേ വിഷയത്തിലെ പരാതി പിരിശോധിക്കുകയും ഈ ഓഫീസിൽ നിന്നും നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി വിഷയത്തിന്മേൽ ടിയാൻമാർക്ക് സർക്കാരി നെയും, കോടതിയേയും സമീപിക്കാമായിരുന്നെങ്കിലും അത്തരത്തിൽ നീക്കം ഉണ്ടായതായി ക്കാണുന്നില്ല. മേൽ സാഹചര്യത്തിൽ ഈ ആവശ്യം പരിഗണനാർഹമല്ലെന്ന് കണ്ട് നിരസി ച്ചുത്തരവാകുന്നു. പ്രിവന്റീവ് ഓഫീസർമാരുടെ 01.07.2003 മുതൽ 31.12.2008 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിനെതിരെ നിരവധി കേസുകൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുണ്ട് എന്നും ടിയാൻമാർ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ടി കേസുകളുടെ അന്തിമവിധിക്കു വിധേയമായിമാത്രമാണ് ടി സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിക്കുന്നത്.

(5) പ്രിവന്റീവ് ഓഫീസർ ശ്രീ.ജോസഫ്.ജെ സമർപ്പിച്ച പരാതിയിൽ ടിയാൻ സർക്കാരിന്റെ 13.03.1998 ജി.ഒ (എം.എസ്) 38/98/ടി.ഡി നമ്പർ ഉത്തരവ് പ്രകാരം ടിയാൻ 29.04.1998 ൽ ബദിയടുക്ക എക്സൈസ് റേഞ്ച് ഓഫീസിൽ എക്സൈസ് ഗാർഡായി ജോലിയിൽ പ്രവേശിച്ചു. എം.ഒ.പി എക്സൈസ് ടെസ്റ്റ് പാർട്ട് എ & ബി അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസായിട്ടുണ്ട്. 31.01.2009 ൽ ശ്രീ.കെ.ലക്ഷ്മണൻ റിട്ടേയ്ഡ് ആയ ഒഴിവിലേക്ക് ടിയാന് 04.02.2009 തീയതി പ്രമോഷൻ നൽകിയിട്ടുള്ളതും 05.02.2010 തീയതി പ്രാബല്യത്തിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടുള്ളതും, പരാമർശം (3) പ്രകാരമുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട സ/ശ്രീ.(8) 628.മോഹൻകുമാർ.ജി, (9)629.രാജൻ.ജി,(10) 630

ഷക്കീർ.എം.ആർ, (12) 649 അജയകുമാർ.എ.കെ, (19)704 സുനിൽകുമാർ.വി.ജി, (20) 712 വിനോദ്.കെ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട് എന്നും മേൽ 6 പ്രിവന്റീവ് ഓഫീസർമാരും കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 04.02.2009 തീയതി KS1-1452/2006 നമ്പർ ഉത്തരവ് പ്രകാരം പ്രമോഷൻ ലഭിച്ച ടിയാന്റെ ജൂനിയർ പ്രിവന്റീവ് ഓഫീസർമാരാണ് എന്നും ആയതിനാൽ സീനിയർ പ്രിവന്റീവ് ഓഫീസറായ ടിയാന് പ്രസ്തുത 6 പ്രിവന്റീവ് ഓഫീസർമാരുടെ മുകളിൽ സീനിയോറിറ്റിയും പ്രമോഷനും ക്രമീകരിച്ച് നീതി നടത്തിത്തരുമാറാകണമെന്നും അപേക്ഷിച്ചിരിക്കുന്നു. ഉത്തരവ് നമ്പർ എക്സ്.ഡി.3-2499/2010 (Vol.II) ആയ 02.01.2013-ൽ പ്രസിദ്ധീകരിച്ച 01.07.2003 മുതൽ 31.12.2008 വരെയുള്ള ടിയാൻ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി സംബന്ധിച്ചാണ് ടിയാൻ ആക്ഷേപം ഉന്നയിച്ചിട്ടുള്ളത്. പ്രിവന്റീവ് ഓഫീസർ കേഡറിലെ സീനിയോറിറ്റിയിൻ മേൽ ആക്ഷേപം ഉണ്ടായിരുന്നുവെങ്കിൽ യഥാസമയം ഉന്നയിച്ച് പരിഹാരം തേടേണ്ടതായിരുന്നു. മേൽ സാഹചര്യത്തിൽ ടി പരാതി പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

(6) കായംകുളം എക്സൈസ് റേഞ്ച് ഓഫീസിലെ ശ്രീ.കെ.എസ്.ജയകുമാർ സമർപ്പിച്ച പരാതിയിൽ ക്രമ നം.22-ാം നമ്പർ പേരുകാരനായ തനിക്ക് തന്നിരിക്കുന്ന വേക്കൻസി ഒക്കറൻസ് തീയതി 04.12.2018 എന്ന് പിശകായിട്ടാണ് എന്നും ശ്രീ.റ്റി.രഘുനാഥിന്റെ റിട്ടയർമെന്റ് ഒഴിവ് 01.07.2018 ആയതിനാൽ ഈ തെറ്റ് തിരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ.കെ.എസ്.ജയകുമാർ 04.12.2018-ലെ ഇ.എക്സ്.സി/518/2018-എക്സ്.ഡി.3 ഉത്തരവ് പ്രകാരമാണ് പ്രൊമോഷനായിട്ടുള്ളത്. കെ.എസ്.&എസ്.എസ്.ആർ പാർട്ട് 11 റൂൾ 27(എ) പ്രകാരം പ്രൊമോട്ട് ചെയ്യപ്പെടുന്ന പ്രിവന്റീവ് ഓഫീസറുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് ടിയാന്റെ പ്രൊമോഷൻ ഉത്തരവിന്റെ തീയതി പ്രകാരമാണ്. ആയതിനാൽ ടിയാന്റെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(7) മേൽ പറഞ്ഞ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച് അസി.എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.07.2018 മുതൽ 31.12.2018 വരെയുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തിയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എ.(ഇ.കെ.എം) നം.2020/2017 നമ്പർ കേസ് ഉൾപ്പെടെ എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ / അസി.എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട വിവിധ

കോടതികളിൽ നിലവിലുള്ള കേസുകളുടെ അന്തിമ വിധിക്ക് വിധേയമായും ഒ.എ.നം.1666/16-ാം നമ്പർ കേസിലെ സർക്കാരിന്റെ ഉത്തരവിന് വിധേയമായും എക്സൈസ് വകുപ്പിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.07.2018 മുതൽ 31.12.2018 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധികരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
എക്സൈസ് കമ്മീഷണർ

ഗ്രാഹകർ

വ്യക്തികൾക്ക്

പകർപ്പ്:

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം/എൻഫോഴ്സ്മെന്റ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ
3. ജോയിന്റ് എക്സൈസ് കമ്മീഷണർ, എല്ലാം
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എല്ലാം
5. എക്സൈസ് കമ്മീഷണറുടെ/അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) സി.എ യ്ക്ക്.
6. വെബ്സൈറ്റ്.
7. ഉത്തരവ് ഫയൽ/ കരുതൽ ഫയൽ

*അംഗീകാരത്തോടെ,*

*സൂപ്രണ്ട്*

JJ

# Final Seniority List of Assistant Excise Inspectors for the period from 01.07.2018 to 31.12.2018

| Sl No | Rank No | Name | Academic Qualification | Date of Birth | | | Date of Commencement of Service | Test Qualifications | Date on which qualifying test in full passed | Date of assignment in the post of AEI | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | | | 6 | 7 | 8 | 9 | | |
| 1 | 614 | Baburaj.P | SSLC | 30 | 5 | 1970 | 03.11.2001 | Ex.A/c Test.MOP | | 6 | 8 | 2018 |
| 2 | 615 | Suresh.P | B.A | 30 | 5 | 1971 | 27.12.1996 | Ex.A/c Test.MOP | | 6 | 8 | 2018 |
| 3 | 616 | Krishnankutty.K | SSLC | 31 | 5 | 1963 | 21.01.1992 | Ex.A/c Test.MOP | | 6 | 8 | 2018 |
| 4 | 616 A | S.Radhakrishnan | SSLC | 11 | 11 | 1969 | 22.09.1989 | Ex.A/c Test.MOP | | 6 | 8 | 2018 |
| 5 | 621 | Manikandan.V.K | B.A | 12 | 11 | 1971 | 28.11.2001 | Ex.A/c Test.MOP | | 10 | 8 | 2018 |
| 6 | 623 | Vijayan.C.B | PDC | 6 | 4 | 1971 | 03.12.2001 | Ex.A/c Test.MOP | | 10 | 8 | 2018 |
| 7 | 623A | Prasad Mathew | SSLC | 3 | 4 | 1970 | 07.06.1991 | Ex.A/c Test.MOP | | 10 | 8 | 2018 |
| 8 | 628 | Mohan Kumar.G | PDC | 27 | 4 | 1975 | 02.06.1997 | Ex.A/c Test.MOP | | 10 | 8 | 2018 |
| 9 | 629 | Rajan.G. | SSLC | 28 | 5 | 1968 | 21.03.1997 | PO'sTest MOP | | 10 | 8 | 2018 |
| 10 | 630 | Shakeer.M.R | SSLC | 25 | 5 | 1963 | 20.11.1997 | PO'sTest | Age 50 | 10 | 8 | 2018 |
| 11 | 645 | Thulaseedharan.G | SSLC | 28 | 5 | 1964 | 06.04.1990 | PO'sTest | Age 50 | 10 | 8 | 2018 |
| 12 | 649 | Ajayakumar.A.K | PDC | 27 | 5 | 1977 | 20.11.1997 | Ex.A/c Test.MOP | Age 50 | 10 | 8 | 2018 |
| 13 | 656 | Sajeeshkumar.T.A | SSLC | 16 | 5 | 1976 | 06.12.1996 | Ex.A/c Test.MOP | | 4 | 12 | 2018 |
| 14 | 665 | Padmananth.P | SSLC | 16 | 4 | 1970 | 10.07.1989 | Ex.A/c Test.MOP | June-04 | 4 | 12 | 2018 |
| 15 | 668 | Jayaprakash.V.P | SSLC | 12 | 1 | 1968 | 12.03.1990 | Ex.A/c Test.MOP | | 4 | 12 | 2018 |
| 16 | 678 | Manoharan.P.K | B.A | 17 | 12 | 1962 | 20.06.1989 | PO'sTest | | 4 | 12 | 2018 |
| 17 | 693 | Sunil Kumar.P.C | PDC | 3 | 1 | 1963 | 24.08.1990 | PO'sTest | Age 50 | 4 | 12 | 2018 |
| 18 | 703 | Hareesh Kumar.K.P | SSLC | 15 | 4 | 1971 | 05.06.1991 | Ex.A/c Test.MOP | Age 50 | 4 | 12 | 2018 |
| 19 | 704 | Sunilkumar.V.G. | VHSLC | 30 | 5 | 1973 | 02.08.1999 | Ex.A/c Test.MOP | Jan-95 | 4 | 12 | 2018 |
| 20 | 712 | Vinod.K | PDC | 2 | 5 | 1979 | 22.12.1999 | Ex.A/c Test.MOP | | 4 | 12 | 2018 |
| 21 | 714 | Abdu Shukkur.T | PDC | 26 | 2 | 1963 | 01.09.1989 | PO'sTest | | 4 | 12 | 2018 |
| 22 | 720 | Jayakumar.K.S | B.Sc | 4 | 10 | 1963 | 28.07.1989 | Ex.A/c Test.MOP | Age 50 | 4 | 12 | 2018 |
| 23 | 722 | Shamnath.M | B.A | 1 | 6 | 1968 | 30.11.2001 | Ex.A/c Test.MOP | | 4 | 12 | 2018 |
| 24 | 723 | Harish.P | SSLC | 30 | 5 | 1974 | 26.11.1997 | Ex.A/c Test.MOP | | 4 | 12 | 2018 |
| 25 | 724 | Vinu.H | SSLC | 27 | 11 | 1977 | 26.11.1997 | Ex.A/c Test.MOP | | 4 | 12 | 2018 |
| 26 | 725 | Ajith.K.R | SSLC | 20 | 3 | 1978 | 01.12.1997 | Ex.A/c Test.MOP | | 4 | 12 | 2018 |
| 27 | 737 | Syamkumar.M.S | SSLC | 21 | 10 | 1963 | 02.02.1990 | Ex.A/c Test.MOP | | 4 | 12 | 2018 |
| 28 | 739 | Varghese Antony | SSLC | 5 | 11 | 1963 | 21.04.1992 | PO'sTest | Age 50 | 4 | 12 | 2018 |

Sd/-
Excise Commissioner